# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10-12-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മനുഷ്യാവകാശങ്ങളെ ആഘോഷമാക്കിയ രാജ്യമാണ് ഇന്ത്യയെന്നും, രാജ്യത്തെ ഓരോ വ്യക്തിക്കും നീതി ജന്മാവകാശമാണെന്നും രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says, India not only protects Human rights but also celebrates; Addresses commemoration of Human Rights Day 2025.**

2. നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച ചർച്ചകൾക്ക് വേദിയായി ലോക്സഭ.

   **Both Houses of Parliament have adjourned for the day. Discussions on electoral reforms held in Lok Sabha.**

3. വന്ദേമാതരത്തിൻറെ 150-ാം വാർഷികവുമായി ബന്ധപ്പെട്ട ചർച്ചകൾ രാജ്യസഭയിൽ ഇന്ന് നടന്നു.

   **The Rajya Sabha today resumed the discussion on the 150th Anniversary of the National Song Vande Mataram**

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. പോളിങ് നാളെ രാവിലെ 7 മണിക്കാരംഭിക്കും.

   **Preparations for the second phase of local body elections in Kerala have been completed. Polling will begin tomorrow at 7 AM.**

5. 30-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് തിരുവനന്തപുരത്ത് മറ്റന്നാൾ തിരി തെളിയും. ഡെലിഗേറ്റ് പാസ്സ് വിതരണം നാളെ മുതൽ.

   **Pre The 30th International Film Festival of Kerala will commence on Friday in Thiruvananthapuram. Delegate pass distribution starts tomorrow.**

6. ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി - 20 പരമ്പരയിലെ രണ്ടാം മത്സരം നാളെ.

   **The second match of the India–South Africa T20 series will be played tomorrow.**

&&&&&&&&&&&&&&&&

## PRESIDENT (INTRO)

മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുക എന്നതിലുപരി, ആഘോഷമാക്കിയിട്ടുള്ള രാജ്യമാണ് ഇന്ത്യയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ മനുഷ്യാവകാശ ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. വ്യക്തികളുടെ അന്തസ്സ് എന്നത് വിട്ടുവീഴ്ച പാടില്ലാത്ത കാര്യമാണ്. മനുഷ്യാവകാശങ്ങൾ നിറവേറ്റപ്പെടാത്ത സാഹചര്യം ഒരാൾക്കും നേരിടേണ്ടി വരരുതെന്നും, രാജ്യത്തെ ഓരോ വ്യക്തിക്കും നീതി ജന്മാവകാശമാണെന്നും രാഷ്ട്രപതി പറഞ്ഞു.

(വോയിസ് - രാഷ്ട്രപതി )

1948 ൽ ഐക്യരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം യുഎൻ പൊതുസഭ അംഗീകരിച്ചതിൻറെ സ്മരണാർത്ഥമാണ് എല്ലാ വർഷവും ഡിസംബർ 10, മനുഷ്യാവകാശ ദിനമായി ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&

## LS - ELECTION REFORMS (intro)

നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച

ചർച്ചകൾ ലോക്സഭയിൽ ഇന്ന് നടന്നു. വോട്ടർ പട്ടിക തയ്യാറാക്കുക, തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പാക്കുക എന്നിവ തിരഞ്ഞെടുപ്പ് കമ്മീഷൻറെ ഭരണഘടനാപരമായ ചുമതലയാണെന്ന് ചർച്ചകൾക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. വോട്ടർ പട്ടികയുടെ ശുദ്ധീകരണമാണ് എസ്.ഐ.ആറിലൂടെ ഉദ്ദേശിക്കുന്നത്. എസ്.ഐ.ആറിനെക്കുറിച്ച് തെറ്റിദ്ധാരണ പരത്തി പ്രതിപക്ഷം സർക്കാരിൻറെയും, തിരഞ്ഞെടുപ്പ് കമ്മീഷൻറെയും പ്രതിച്ഛായ മോശമാക്കുന്നതായും അദ്ദേഹം ആരോപിച്ചു.

(ഹോൾഡ്)

വോട്ട് ചെയ്യാനുള്ള അവകാശം ജനാധിപത്യത്തിൻറെ അടിസ്ഥാനമാണെന്ന് ചർച്ചയിൽ പങ്കെടുത്ത് കോൺഗ്രസ് എംപി കെ.സി വേണുഗോപാൽ പറഞ്ഞു. എസ്.ഐ.ആറിലൂടെ ബിഹാറിൽ വലിയ തോതിൽ വോട്ടർമാർ, വോട്ടർപട്ടികയിൽ നിന്ന് നീക്കം ചെയ്യപ്പെട്ടതായി പറഞ്ഞ അദ്ദേഹം തിരഞ്ഞെടുപ്പ് കമ്മീഷൻ പക്ഷപാതപരമായ സമീപനം സ്വീകരിക്കുന്നതായും ആരോപിച്ചു.

(ഹോൾഡ്)

പരാജയപ്പെടുന്ന എല്ലാ ഘട്ടത്തിലും, പ്രതിപക്ഷം തിരഞ്ഞെടുപ്പ് പ്രക്രിയയെ ചോദ്യം ചെയ്യുന്ന രീതി അവലംബിക്കുന്നതായി ബിജെപി അംഗം രവിശങ്കർ പ്രസാദ് വിമർശനം ഉന്നയിച്ചു. രാജ്യത്ത് അനധികൃതമായി താമസിക്കുന്നവരെ തിരിച്ചറിയാനുള്ള സുപ്രധാന നടപടിയാണ് എസ്.ഐ.ആർ എന്ന് ചർച്ചയിൽ പങ്കെടുത്ത് കേന്ദ്രമന്ത്രി അനുപ്രിയ പട്ടേൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## REV RS – VANDE MATARAM

ദേശീയഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികവുമായി ബന്ധപ്പെട്ട ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടർന്നു. കേന്ദ്രമന്ത്രി അമിത് ഷായാണ് ഇന്നലെ ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. കോൺഗ്രസിൻറെ എല്ലാ സമ്മേളനങ്ങളിലും വന്ദേമാതരം ആലപിച്ചിരുന്നതായി ചർച്ചയിൽ പങ്കെടുത്ത് കോൺഗ്രസ് എംപി ജയറാം രമേശ് പറഞ്ഞു. മുൻ

പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെ അപകീർത്തിപ്പെടുത്തുന്ന വിധത്തിലാണ് ചർച്ച നടക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു. ഭഗത് സിങ്ങ്, ചന്ദ്രശേഖർ ആസാദ് തുടങ്ങി ആയിരക്കണക്കിന് സ്വാതന്ത്ര്യ സമരസേനാനികൾക്ക് വന്ദേമാതരം ഊർജ്ജം പകർന്നതായി കേരളത്തിൽ നിന്നുള്ള സിപിഐ അംഗം സന്തോഷ് കുമാർ പറഞ്ഞു. ബ്രിട്ടീഷ് വാഴ്ചയിൽ നിന്നും ഇന്ത്യയെ മോചിപ്പിക്കുന്നതിൽ വന്ദേമാതരം ഏവർക്കും പ്രചോദനം പകർന്നതായി ബിജെപി എം.പി രാമിലാബെൻ ബാര ചർച്ചയിൽ ചൂണ്ടിക്കാട്ടി. ചർച്ച രാജ്യസഭയിൽ നാളെയും തുടരുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു.

&&&&&&&&&&&&&&&&&

## LS – WOMEN SAFETY

സ്ത്രീ സുരക്ഷയ്ക്ക് ഇന്ത്യൻ റെയിൽവേ പ്രഥമ പരിഗണനയാണ് നൽകുന്നതെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ദീർഘദൂര ട്രെയിനുകളിൽ ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി, മേരി സഹേലി സംരംഭത്തിന്റെ കീഴിൽ, നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ മന്ത്രി പറഞ്ഞു. വിവിധ കോച്ചുകളിലും റെയിൽവേ സ്റ്റേഷനുകളിലും CCTV നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. സ്ത്രീകളുടെ കമ്പാർട്ടുമെൻറിൽ പ്രവേശിക്കുന്ന പുരുഷന്മാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നുണ്ടെന്നും കേന്ദ്ര മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&

## President Manipur

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ മണിപ്പൂരിലെത്തും. ഇംഫാലിലെത്തുന്ന രാഷ്ട്രപതിയെ ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിക്കും. മണിപ്പൂർ സർക്കാർ സംഘടിപ്പിക്കുന്ന പൗര സ്വീകരണത്തിൽ ശ്രീമതി മുർമു പങ്കെടുക്കും. വിവിധ വികസന പദ്ധതികൾക്കും സന്ദർശനത്തിനിടെ രാഷ്ട്രപതി തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&

## ADB – INDIA GROWTH

നടപ്പ് സാമ്പത്തിക വർഷത്തിലെ ഇന്ത്യയുടെ വളർച്ചാ നിരക്ക് 7.2 ശതമാനത്തിലെത്തുമെന്ന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് പ്രവചനം. നേരത്തെ 6.5 ശതമാനം വളർച്ചയായിരുന്നു പ്രതീക്ഷിച്ചിരുന്നത്.

&&&&&&&&&&&&&&&&&&

## KERALA ELECTION

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലേക്കാണ് 38,994 സ്ഥാനാർത്ഥികൾ ജനവിധി തേടുന്നത്. നാളെ രാവിലെ ഏഴു മണിക്ക് വോട്ടെടുപ്പ് ആരംഭിക്കും. ഏഴ് ജില്ലകളിലായി ഒരു കോടി 53 ലക്ഷത്തി 37,176 വോട്ടർമാരാണുള്ളത്. കണ്ണൂർ ജില്ലയിലെ 14 വാർഡുകളിലും കാസർഗോഡ് ജില്ലയിലെ മംഗൽപാടി, മടിക്കൈ ഗ്രാമപഞ്ചായത്തുകളിൽ ഓരോ വാർഡുകളിലും സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ വാർഡുകളിൽ നാളെ വോട്ടെടുപ്പ് ഉണ്ടാകില്ല. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം ഏഴാം വാർഡിൽ, യുഡിഎഫ് സ്ഥാനാർത്ഥി മരിച്ചതിനാൽ വോട്ടെടുപ്പു മാറ്റിവച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ആകെ 18,274 പോളിങ് സ്റ്റേഷനുകൾ ഉള്ളതിൽ, പ്രശ്നബാധിത ബൂത്തുകളായി തിരിച്ചറിഞ്ഞിട്ടുള്ള 2,055 ബൂത്തുകളിൽ അതീവ സുരക്ഷാക്രമീകരണങ്ങളും വെബ്കാസ്റ്റിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് നടക്കുന്ന ഏഴ് ജില്ലകളിലെയും സർക്കാർ, അർദ്ധ സർക്കാർ, വാണിജ്യ സ്ഥാപനങ്ങൾക്ക് നാളെ അവധിയായിരിക്കും. ശനിയാഴ്ചയാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&

## PALAKKAD – ELECTION (INTRO)

പാലക്കാട് ജില്ലയിലെ പോളിംഗ് സാമഗ്രികളുടെ വിതരണം പൂർത്തിയായി. വോട്ടെടുപ്പിനായി 3,054 പോളിങ് ബൂത്തുകൾ സജ്ജീകരിച്ചിട്ടുണ്ട്. 6,724 സ്ഥാനാർഥികളാണ് ജില്ലയിൽ നാളെ ജനവിധി തേടുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....
(വോയ്സ്)

&&&&&&&&&&&&&&&&&

## IFFK

30-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് തിരുവനന്തപുരത്ത് മറ്റന്നാൾ തിരി തെളിയും. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകിട്ട് ആറ് മണിക്കാണ് ഉദ്ഘാടന ചടങ്ങ്. ഈ മാസം 19 വരെ നടക്കുന്ന മേളയിൽ എഴുപതോളം രാജ്യങ്ങളിൽ നിന്നുള്ള 200 ലേറെ ചിത്രങ്ങൾ പ്രദർശിപ്പിക്കും. ആൻമേരി ജാസിർ സംവിധാനം ചെയ്ത പലസ്തീൻ 36 ആണ് മേളയുടെ ഉദ്ഘാടന ചിത്രം. മേളയുടെ ഡെലിഗേറ്റ് പാസ്സ് വിതരണം നാളെ രാവിലെ ടാഗോർ തിയേറ്ററിൽ ആരംഭിക്കും. ചലച്ചിത്ര താരം ലിജോമോൾ ജോസ് ആദ്യ പാസ്സ് ഏറ്റുവാങ്ങും.

&&&&&&&&&&&&&&&&&

## MAHA-NAXALITES-SURRENDER

മഹാരാഷ്ട്രയിലെ ഗഡ്ചിരോളിയിൽ പതിനൊന്ന് നക്സലൈറ്റുകൾ പൊലീസിന് മുന്നിൽ കീഴടങ്ങി. തലയ്ക്ക് 82 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്ന നക്സൽ നേതാക്കളാണ് കീഴടങ്ങിയത്. ഇതോടെ 2005 ലെ പുനരധിവാസ പദ്ധതി പ്രകാരം, ഗഡ്ചിരോളി പോലീസിന് മുന്നിൽ കീഴടങ്ങിയ നക്സലൈറ്റുകളുടെ എണ്ണം 783 ആയി.

&&&&&&&&&&&&&&&&&

## COURT – INDIGO

ഇൻഡിഗോ വിമാന സർവീസുകൾ റദ്ദാക്കുന്നതിലേക്ക് നയിച്ച സാഹചര്യം എന്തുകൊണ്ട് ഉണ്ടായെന്ന് കേന്ദ്ര സർക്കാരിനോട് ആരാഞ്ഞ് ഡൽഹി ഹൈക്കോടതി. വ്യോമയാന മന്ത്രാലയവും ഡിജിസിഎയും സ്വീകരിച്ച നടപടികളെ അഭിനന്ദിച്ച കോടതി, യാത്രക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾക്ക് പുറമേ, രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കുണ്ടാകുന്ന നഷ്ടത്തെക്കുറിച്ചും ചോദ്യം ഉന്നയിച്ചു.

&&&&&&&&&&&&&&&&&

## IND VS SA T20

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി - 20 പരമ്പരയിലെ രണ്ടാമത്തെ മത്സരം നാളെ. ചണ്ഡീഗഢിൽ രാത്രി 7 മണിക്കാണ് മത്സരം. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി. പരമ്പരയിൽ അഞ്ച് മത്സരങ്ങളാണ് ഉള്ളത്.

&&&&&&&&&&&&&&&&&

## IMD WEATHER

ഡൽഹി, ഛത്തീസ്ഗഢ്, ഹരിയാന, ചണ്ഡീഗഢ്, മഹാരാഷ്ട്ര, ഒഡീഷ, പഞ്ചാബ്, തെലങ്കാന എന്നിവിടങ്ങളിൽ ഇന്നും നാളെയും ശീതതരംഗത്തിനു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കിഴക്കൻ ഉത്തർപ്രദേശ്, ഒഡീഷ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലും അടുത്ത 2 ദിവസങ്ങളിൽ മൂടൽമഞ്ഞിന് സാധ്യതയുണ്ട്. ഡൽഹിയിലെ വായു ഗുണനിലവാരവും മോശം വിഭാഗത്തിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&

## DEEPAWALI – UNESCO

പ്രകാശത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്സവമായ ദീപാവലിയെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി യുനെസ്കോ. ഓരൊ ഇന്ത്യക്കാരനും ഇത് വൈകാരിക നിമിഷമാണെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത്ത് പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&